# ഗ്രേസി മെമ്മോറിയൽ ഹൈസ്കൂൾ
## പാറത്തോട്



District : Kottayam

# ദ്യുതി
2k24

Sub District:
Kanjirappally

Management: SNDP
Branch No.1493,
Koruthodu

ഡിജിറ്റൽ മാഗസിൻ

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ ഹൈടെക് പദ്ധതിയുടെ ഭാഗമായി ലിറ്റിൽകൈറ്റസ് വൈവിധ്യമാർന്ന സാങ്കേതികപരിശീലനങ്ങളിലൂടെ കടന്നുപോകാൻ ഗ്രേസി മെമ്മോറിയൽ ഹൈസ്കൂളിലെകുട്ടികൾക്കും അവസരം ലഭിച്ചതിൽ KITEനോട് ഞങ്ങൾ കടപ്പെട്ടിരിക്കുന്നു (ദ്യുതി) 2024 എന്ന ഈ ഡിജിറ്റൽ മാഗസിൻ ലിറ്റിൽ കൈറ്റ്സിലെ കുട്ടികളുടെയും അഞ്ചുമുതൽപത്തു വരെയുള്ള ക്ലാസ്സുകളിലെ പ്രതിഭകളുടെ രചനാവൈഭവങ്ങളുടെ തനതായ ആവിഷ്കാരമാണ്. ഭാവനയുടെ വിസ്മയലോകത്തേക്ക് പറന്നുയരാൻ ചിറകുവിടർത്തുന്ന ആ ചിത്രശലഭങ്ങളെ നമുക്ക് വരും താളുകളിൽ പരിചയപ്പെടാം. ഒട്ടേറേ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഒരുക്കിത്തീർത്ത ഈ ഡിജിറ്റൽ മാഗസിനിൽ കുറവുകളേറേ കണ്ടേക്കാം. അവയൊക്ക മാറ്റി നിർത്തിക്കൊണ്ട് ഈ ഒരു സൃഷ്ടിയെ ആസ്വദിക്കുമെന്ന ശുഭപ്രതീക്ഷയോടെ നിങ്ങൾ വായനക്കാരുടെ സുമനസ്സുകൾക്കു മുൻപിൽ സവിനയം (ദ്യുതി)2024 ഞങ്ങൾ സമർപ്പിക്കുന്നു.



# ആശംസ

പാറത്തോട് ഗ്രേസി മെമ്മോറിയൽ ഹൈസ്കൂളിൽ 'ദ്യുതി 2k24' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കുന്നത് ഏറെ അഭിനന്ദനീയമായണ്. സൃഷ്ടാക്കളിൽ നിന്ന് ശേഖരിക്കുന്ന രചനകളെ ഡിജിറ്റലായി ശേഖരിച്ച് SCRIBUS എന്ന സോഫ്റ്റ് വെയറിലാണ് ഈ മാഗസിൻ തയ്യാറാക്കുന്നതെന്നറിയുന്നു. ഈ ക്രിയാത്മക സംരഭത്തിന് വിജയാശംസകൾ നേരുന്നതോടൊപ്പം കുട്ടികളെ ഈ ഉദ്യമത്തിന് പ്രാപ്തരാക്കിയ Little Kites Mistress മാർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

എ.ൻ.സാബു
സ്കൂൾ മാനേജർ



# ആശംസ

ഇന്ത്യയിലെ ഏറ്റവും വലിയ വിദ്യാർത്ഥി ഐ.ടി കൂട്ടായ്മ 2019 നമ്മുടെ സ്കൂളിൽ ആരംഭിച്ച വിവിധ ബാച്ചുകളിലായി 150ൽ പരം കുട്ടികൾക്ക് ആനിമേഷൻ, ഡിടിപി, ഹാർഡ് വെയർ, ഇലക്ട്രോണിക്സ് ആൻഡ് റോബോട്ടിക്സ് ,മീഡിയ ട്രെയിനിങ്, സൈബർ സേഫ്റ്റി, എഐ തുടങ്ങിയ നിരവധി മേഖലകളിൽ പരിശീലനം കൊടുക്കുവാൻ സാധിച്ചു.സബ്ജില്ലാ ജില്ലാ തലങ്ങളിൽ ആനിമേഷൻ വിഭാഗത്തിൽ മികവ് തെളിയിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞത് അഭിമാനകരമാണ് .ക്ലബ് പ്രവർത്തനങ്ങളിൽ നിന്ന് കിട്ടുന്ന അറിവുകൾ സ്കൂളിൻ്റെ ദൈനംദിന പ്രവർത്തനങ്ങളിലും പൊതുസമൂഹത്തിന് സഹായകരമാകും വിധത്തിൽ കുട്ടികൾ പ്രയോഗിക്കുന്നത് ഏറെ ശ്രദ്ധേയമായ കാര്യമാണ്. വളരെ ഭംഗിയായി ഈ പ്രവർത്തനങ്ങൾ നടക്കുന്നതിൽ ഉള്ള ചാരിതാർത്ഥ്യം അറിയിക്കുന്നതോടൊപ്പം 'ദൃ തി' എന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാ മംഗളാശംസകളും നേരുന്നു..

ദീപ പി. ജി
ഹെഡ്മിസ്ട്രസ്

# ആശംസ

കൈറ്റ്സ് ക്ലബ്ബ് നമ്മുടെ സ്കൂളിൽ ആരംഭിച്ച കാലം മുതൽ ഏറെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ആണ് കാഴ്ച വയ്ക്കുന്നത്. വളരെ സന്തോഷമുണ്ട് നമ്മുടെ കുട്ടികൾ IT മേഖലയിൽ മിടുക്കരായി ഉയർന്നു "ദ്യുതി" എന്ന ഈ ഡിജിറ്റൽ മാസികയ്ക്ക് എല്ലാ വിജയങ്ങളും നേരുന്നു.



ദിലീപ്.ടി.നായർ
പി. ടി. എ പ്രസിഡന്റ്

# ഈ വർഷം നമ്മെ വിട്ടുപിരിഞ്ഞവർ



**ബെന്നി മോൻ.സി.എസ്**
[കായിക അദ്ധ്യാപകൻ]



**മാത്യു.പി.ജെ**
[ഒഫീസ് സ്റ്റാഫ്]

## ഓർമ്മകൾക്ക് മുൻപിൽ കണ്ണീർ പ്രണാമം

# എഡിറ്റോറിയൽ ബോർഡ്

എഡിറ്റർ:
മുഹമ്മദ് ആദിൽ പി.പി
സബ് എഡിറ്റർ:
അർച്ചന അഭിലാഷ്
മാനേജിംഗ് എഡിറ്റർ:
ജെമിത ടീച്ചർ
ഇന്ദു ടീച്ചർ
കൺസൾട്ടന്റ് എഡിറ്റർ:
ദീപ ടീച്ചർ
അർച്ചന ടീച്ചർ
രാഹുൽ സാർ
ജയലക്ഷ്മി ടീച്ചർ
ഡിസൈനർ:
മുഹമ്മദ് ആദിൽ പി.പി
മിഥുൻ സിഎസ്
ടെക്സ്റ്റ്: അർച്ചന അഭിലാഷ്
അനസ് ഇമ്മാനുവൽ സാബു
അനുഷ അനീഷ്
അൽഫോൻസി ടി.എസ്
ജാനകി അജികുമാർ
ദേവാനന്ദ് ബിനോയി

കൊളാഷ്:
മിഥുൻ സിഎസ്
അർച്ചന അഭിലാഷ്
ലേഔട്ട്:
മുഹമ്മദ് ആദിൽ പി.പി
സ്പെഷ്യൽ താങ്ക്സ്:

ഗൗരീലക്ഷ്മി.പി

# ഉള്ളടക്കം


| SL.No | TOPICS | Page No |
|---|---|---|
| 1 | ആമുഖം | 2 |
| 2 | സ്കൂൾ ചരിത്രം | 10 |
| 3 | പ്രാദേശിക  ചരിത്രം | 12 |
| 4 | ഓർമ്മകൾ | 14 |
| 5 | ക്വിസ് | 15 |
| 6 | ജില്ലകളും വർഷവും | 16 |
| 7 | Poem | 17 |
| 8 | ജീവചരിത്രകുറിപ്പ് | 18 |
| 9 | കഥ | 19 |
| 10 | Quiz | 21 |
| 11 | Poem | 22 |
| 12 | Thoughts | 23 |
| 13 | Tongue Twisters | 24 |
| 14 | അനുഭവക്കുറിപ്പ് | 25 |
| 15 | Poem | 26 |
| 16 | Story | 27 |
| 17 | Poem | 28 |
| 18 | Poem | 29 |
| 19 | Embroidery Work | 30 |
| 20 | Digital Painting | 31 |
| 21 | Digital Painting | 32 |

| | | |
|---|---|---|
| 22 | Poem | 33 |
| 23 | Digital Painting | 34 |
| 24 | Thoughts | 35 |
| 25 | Digital Painting | 36 |
| 26 | കഥ | 37 |
| 27 | Digital Painting | 38 |
| 28 | Sports | 39 |
| 29 | Onam Celebration | 40 |
| 30 | Kala | 41 |
| 31 | Overall Champions | 42 |
| 32 | IT STARS | 43 |
| 33 | ACTIVITIES | 44 |
| 34 | LK Batch - 10 | 45 |
| 35 | LK Batch - 9 | 46 |
| 36 | LK Batch -8 | 47 |
| 37 | Crew Behind Magazine | 48 |

# ഗ്രേസി മെമ്മോറിയൽ ഹൈസ്കൂൾ

## സ്കൂൾ-പിന്നിട്ട പാതകൾ,പിന്നിട്ട നാളുകൾ

പാറത്തോട് ഗ്രാമത്തിന്റെ ചരിത്രത്തിലെ അവിസ്മരനണീയനായ വ്യക്തിയാണ് തിരുവല്ല മണലിൽ കുടുംബാംഗമായ  ശ്രീ.സി.കെ.കോശി. പാലാമ്പടത്ത് അക്കാമ്മയായിരുന്ന അദ്ദേഹത്തിന്റെ ഭാര്യ. 1939-ൽ അകാലത്തിൽ ചരമമടഞ്ഞ മൂത്ത പുത്രി ഗ്രേസിയുടെ ഓർമ്മയ്ക്കായി സ്ഥാപിച്ചതാണ് പാറത്തോട് ഗ്രാമത്തിന്റെ തിലകക്കുറിയായ ഗ്രേസി മെമ്മോറിയൽ ഹൈസ്കൂളും പള്ളിയും.1941 പ്രിപ്പറേറ്ററി സ്കൂൾ ആയി ആരംഭിച്ച ഈ സ്ഥാപനം 1948 ലാണ് ഇപ്പോഴത്തെ കെട്ടിടങ്ങളോട് കൂടിയ ഗ്രേസി മെമ്മോറിയൽ ഹൈസ്കൂളായി മാറിയത്.സ്കൂൾ രേഖകൾ പ്രകാരം ഒന്നാമത്തെ വിദ്യാർത്ഥിനി ശ്രീ സി.കെ കോശിയുടെ ഇളയപുത്രി തങ്കമ്മയാണ്.കിഴക്കൻ മേഖലയിലെ എണ്ണപ്പെട്ട സ്കൂളുകളിലൊന്നായിരുന്ന വിദ്യാലയത്തിന് പാഠ്യപാഠ്യേതര വിഷയങ്ങളിലായി ഒരുപാട് നേട്ടങ്ങൾ പറയാനുണ്ട് ,വിലയേറിയ അനേകം വ്യക്തിത്വങ്ങൾ വിദ്യാർത്ഥി സമ്പത്തായിട്ടുണ്ട്.

1950 ഒക്ടോബർ 24ന് സ്ഥാപക മനേജരായ ശ്രീ.സി.കെ.കോശി അന്തരിച്ചതിനെ തുടർന്ന് അദ്ദേഹത്തിന്റെ രണ്ടാമത്തേ പുത്രി കുഞ്ഞന്നാമ്മയുടെ ഭർത്താവ് എറിക്കാട്ടെ ശ്രീ .ഇ.ജെ.ജോൺ മനേജരായി സ്ഥാനമേറ്റ പിൽക്കാലത്ത് സ്കൂൾ കാര്യങ്ങളിൽ മാനേജ്മെന്റിന് താൽപ്പര്യക്കുറവുണ്ടാവുകയും 1985-86 അദ്ധ്യായന വർഷം ബഹു: കേരള ഗവൺമെന്റ് 5 വർഷത്തേയ്ക്ക് സ്കൂൾ ഏറ്റെടുക്കുകയും ചെയ്തു. ഈ കാലയളവിനുശേഷം മാനേജ്മെന്റിനെ തിരികെ ഏൽപ്പിച്ചെങ്കിലും പഴയകാല ഐശ്വര്യം വീണ്ടെടുക്കുവാൻ കഴി ഞ്ഞില്ല.

അതിനെത്തുടർന്നാണ് അക്കാദമിക്ക് രംഗത്ത് നിരവധി റാങ്കുകളും സ്പോർട്ട്സ് മേഖലയിൽ അജയ്യതയും കൈവരിച്ചതെന്ന് കേരള സംസ്ഥാനം തന്നെ അംഗീകരിച്ചതും ദേശീയതലത്തിൽ പ്രശസ്തി നേടിയതുമായ കോരുത്തോട് സി.കേശവൻ മെമ്മോറിയൽ സ്കൂളിന്റെ മാനേജ്മെന്റ് ഈ സ്കൂൾ ഏറ്റെടുക്കാൻ തയ്യാറായത്. അങ്ങനെ 2005 മാർച്ചിൽ പാറത്തോട് ഗ്രേസി മെമ്മോറിയൽ ഹൈസ്കൂൾ എൻ.ഡി.പി. ബ്രാഞ്ച് നമ്പർ 1493 കോരുത്തോടിന്റെ ശക്തമായ കരങ്ങളിൽ എത്തിച്ചേർന്നു.

പഠനത്തിലും കലാ കായിക രംഗങ്ങളിലും പുതിയ അനുഭവങ്ങളും, പുതിയ താളങ്ങളും, പുതിയ വേഗങ്ങളുമായി, പിന്നിട്ട പാതകളിലെ എല്ലാ നല്ല മനസുകളുടെയും അനുഗ്രഹാശ്ശിസുകളോടെ, പുതിയ സാരഥിയുടെ കീഴിൽ ഗ്രേസി മെമ്മോറിയൽ ഹൈസ്കൂൾ ജൈത്രയാത്ര തുടരുന്നു.



**Collected by:**

**Archana Abhilash.**

# പാറത്തോടിന്റെ പ്രാദേശിക ചരിത്രം

**സ്ഥലനാമ ചരിത്രം**

പാറത്തോട് പഞ്ചായത്തിലെ ചോറ്റി ഭാഗത്തുനിന്നും വരുന്ന കമ്പിത്തോടും പഴുത്തടം ഭാഗത്തുനിന്നും വരുന്ന പഴുത്തടം തോടും മലനാട് ജംഷനിൽ വച്ച് ഒന്നായി ചേർന്ന് പാറത്തോട് ആകുന്നു. തോടുകൾ പാറയിടുക്കിലൂടെ ഒഴുകുന്നത് കൊണ്ടാണ് പാറത്തോട് എന്ന പേര് ലഭിച്ചത്.

**ചരിത്ര പ്രാധാന്യം**

അതിപുരാതന കാലം ജനവാസമുണ്ടായിരുന്ന പ്രദേശമായിരുന്നു പാറത്തോട്. ഗോത്രവർഗക്കാരായ അരയർ,വേടർ,ഉള്ളാടർ,മലമ്പണ്ടാരം ഇവർ ആയിരുന്നു ഈ പ്രദേശങ്ങളിലെ ആദിമ വാസികൾ. ഗോത്ര വർഗ യോദ്ധാവായിരുന്ന തിരമലൈനായിക്കരുടെ അന്തനായികളായിരുന്ന കോയിയൻമാരും ഈ പ്രദേശത്ത് ജീവിച്ചിരുന്നു. ഇവരെ ഹോയിയൻമാർ എന്നും വിളിച്ചിരുന്നു. പാത്തോട് പഞ്ചായത്തിലെ വേങ്ങത്താനം, ചിറ്റടി,ചോറ്റി, പാലമ്പ്ര തുടങ്ങിയ സ്ഥലങ്ങളിലാണ് ഇവർ താമസിച്ചിരുന്നത്.
തിരുമലൈനായിക്കരുടെ ഭരണം വന്നപ്പോൾ തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്ക് പാലായനം ചെയ്ത് തമിഴ് രാജവംശത്തിലൊന്നാണ് കാഞ്ഞിരപ്പള്ളിയിലും അന്നുണ്ടായിരുന്നത്. അവരുടെ വളർച്ചയെ നിരീക്ഷിക്കാനും നിയന്ത്രിക്കാനുമായി തീരുമലൈനയിക്കർ അയച്ച ഗോത്ര വംശമായിരുന്നു മേൽപ്പറഞ്ഞ യുദ്ധ വീരന്മാരായ ഹോയിയൻമാർ എന്ന് വാമൊഴിയുണ്ട്. തദ്ദേശവാസികളുമായി സഹകരിച്ചു ജീവിച്ച ഇവർ പിന്നീട് പെട്ടെന്നുണ്ടായ ചില കാരണങ്ങളാൽ രാജാവിന്റെ സൈന്യവുമായി യുദ്ധത്തിൽ ഏർപ്പെട്ടുകയും. ആ യുദ്ധപ്പട"കൾ ഏകദേശം ഒരാഴ്ചയോളം നിർത്താതെ നിന്ന് "ആടിയ" സ്ഥാലമാനിന്ന് "പടപ്പാടി" എന്ന പേരിൽ ( ഇപ്പോൾ പഞ്ചായത്ത ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം) അറിയപ്പെടുന്നത്. യുദ്ധഫലമായി മൃത ശരീരങ്ങളും രക്തവും കെട്ടി കിടന്ന 'പഴുകത്തടം ' മാണിപ്പോഴത്തെ പഴുത്തടം, മെന്നും അതു പോലെ 'പഴുകമല' ലോപിച്ച് പിന്നീട് 'പഴുമല' യായതെന്നും പറയപ്പെടുന്നു പാറത്തോട് പഞ്ചായത്തുൾപ്പെടുന്ന കാഞ്ഞിരപ്പള്ളി താലൂക്ക് AD 800 മുതൽ 1102 വരെ കുലശേഖര സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന 'നൻറുഴൈനാട്ടിൽ'പ്പെട്ടതായിരുന്നു. നൻറു ഴൈനാട്ടിൽ അക്കാലത്ത് നിലവിലിരുന്ന ഭാഷ "നാനം -മൂനം" എന്നാണറിയപ്പെട്ടിരുന്നത്. പ്രാചീന തമിഴ് - മലയാളം ഭാഷകളും സങ്കരമായിരുന്നിത്. തമിഴ്നാട്ടിലെ ദിണ്ടിഗലി നട്ടുത്തുള്ള പഴയ ചെട്ടിനാട് പ്രദേശങ്ങളിൽ നിന്ന് കച്ചവടാശ്യത്തിന്നായി ധാരാളമാളുകൾ കേരളത്തിലെത്തിയിരുന്നു.കണ്ണന്നൂർ ശ്രേഷ്ഠികൾ വെള്ളാളപിള്ളമാർ, റാവുത്തർമാർ തുടങ്ങിയവർ ഇതിൽ പ്പെടുന്നു.

അവരുടെ യാത്രാ മാർഗ്ഗം ഇന്നത്തെ കുമളി,പെരിയാർ, പീരുമേട്,മുണ്ടക്കയം ചോറ്റി, വെളിച്ചിയാനി, പാറത്തോട് വഴി ഈരാറ്റു പേട്ടയിലേക്കായിരുന്നു. ഈ പ്രാചീന വാണിജ്യ മാർഗ്ഗം പാറത്തോട് വഴിയായിരുന്നതുകൊണ്ട ഇവിടത്തിന് ചരിത്രപരമായ പ്രാധാന്യം വളരെ മുൻപ് തന്നെ നില നിന്നിരുന്നു. യുദ്ധാനന്തരം ജനജീവിതം ഇല്ലാതായ ഇവിടം വനപ്രദേശമായി മാറി. രാജകുടുംബം കാത്തിരപ്പള്ളിയിൽ നിന്ന് പൂഞ്ഞാറിലേക്ക് മാറുക യും ചെയ്തു. ഏകദേശം 150 വർഷങ്ങൾക്ക് മുൻപാണ് ഈ നാടിന്റെ ഇന്നത്തെ ജനവാസചരിത്രം പുനരാരംഭിക്കുന്നത്.ആ സമയത്ത് ഈ പ്രദേശത്തെ ഭൂമിയുടെ ഉടമസ്ഥാവകാശം നാട്ടുവാഴികളിലും ദേവസ്വത്തിന്റെയും അധിഷ്ഠിതമായിരുന്നു. ഈ പഞ്ചായത്തിലെ ഇടക്കുന്നം ഭാഗം ചെറുവള്ളി ദേവസ്വത്തിന്റെയും പാറത്തോട്ടംപാലപ്രയും പൂഞ്ഞാർ നാട്ടുരാജ്യത്തിന്റേതുമായിരുന്നു. പിന്നീട് കൃഷി വർധിപ്പിക്കുന്നതിനായി 7650 ഏക്കറോളം വരുന്ന പാലപ്ര ഭഗവതി ദേവസ്വത്തിന്റെ ഭൂമി ചെറുതും വലുതുമായ ഒട്ടേറെ ഭൂമികളായി കൃഷിക്കാർക്ക് വീതിച്ചു കൊടുക്കപ്പെട്ടു. 'വെച്ചു പാതി ദേഹണ്ണം' എന്ന രീതി വഴിയായിരുന്നു ഈ കൃഷി കാർക്ക് പട്ടയം കൊടുത്തിരുന്നത്. ദേവസ്വങ്ങളിൽ കർഷകർ കൃഷിക്കായി ഭൂമി വാങ്ങിയത് ഭൂമി സംബന്ധമായ വളരെ യധികം വ്യവഹാരങ്ങൾ കാരണമായി.വെച്ചു പാതി സമ്പ്രദായത്തിൽ ഭൂമി സ്വന്തമാൻ പാല,മീനച്ചിൽ, വിളക്കുമാടം എന്നീ സ്ഥലങ്ങളിൽ ക്രിസ്ത്യാനികളും ഹിന്ദുക്കളും കൃഷിക്കായി പാറത്തോട് പഞ്ചായത്ത് പ്രദേശങ്ങളിലെത്തി ചേർന്നു. കച്ചവടത്തിനായി മുസ്ലീം മതവിശ്വാസികളും എത്തിച്ചേർന്നതോടെ പാറത്തോട് എല്ലാമതക്കാർക്കും സ്വന്തമായി മാറിസ്വാതന്ത്ര്യസമര കാലഘട്ടം മുതൽ തലയെടുപ്പുള്ള പല നേതാക്കളേയും പാറത്തോട് ഈ രാജ്യത്തിന് സംഭാവന ചെയ്തിട്ടുണ്ട്. കരിപ്പാപറമ്പിൽ കുടുബാംഗമായിരുന്ന 'അക്കാമ്മ ചെറിയാൻ' പാറത്തോടിന്റെ അഭിമാനപുത്രിയാണ്(ബ്രിട്ടീഷ് ഇന്ത്യലെ ദിവാനായിരുന്ന സർ സി. പി.യുടെ തോക്കിനു മുൻപിൽ പതറാതെ ലക്ഷത്തിലധികം സമരഭടന്മാരുടെ ജാഥനയിച്ച ഝാൻസിറാണിയായി അക്കാമ്മ തചറിയാൻ അറിയപ്പെടുന്നു. പാറത്തോട് പനച്ചേൽ കുടുബത്തിലെ അംഗമായിരുന്ന 'പി.സി ചാക്കോ'കോൺഗ്രസ് രാഷ്ട്രീയത്തിൽ വളർന്ന് മന്ത്രിയും പാർലമെന്റ് അംഗവുമായി ഉയർന്ന നേതാവായിരുന്നു.



സമർപ്പണം,
റോസ് ടോം
LK 2023-24

# ഓർമ്മകൾ



വളരെ പണ്ട് എനിക്കുമുണ്ടായിരുന്നു നിങ്ങളെ പോലെ ഒരു കുട്ടിക്കാലം, ഒരു സ്കൂൾ ജീവിതം..... അധ്യാപകർ വിദ്യാർത്ഥികളെ ശിക്ഷിച്ചാൽ കേസെടുത്തതെന്ന് കാലം. അന്നത്തെ ചൂരൽക്കഷായത്തേക്കാൾ സഹിക്കാൻ പറ്റാത്തത് ശാസനകൾ ആയിരുന്നു, എന്നാൽ സ്കൂൾ ജീവിതവും കലാലയ ജീവിതവും കഴിഞ്ഞപ്പോഴാണ് അവയെല്ലാം എത്രയോ മധുരമായിരുന്നെന്ന് മനസ്സിലാകുന്നതിങ്ങളോരോരുത്തരും മാതാപിതാക്കളെയും അധ്യാപകരെയും അനുസരിക്കുന്ന മിടുമിടുക്കരായിവരേണം..ചിത്രശലഭങ്ങളെ പോലെ പാറി നടക്കുന്ന നിങ്ങളെ കാണുമ്പോൾ എന്റെ ഉള്ളിലും ചില ഓർമ്മകൾ... കുഞ്ഞിപ്പുരയിൽ നിന്നും നാണുവേട്ടൻ തയ്യാറാക്കി കൊണ്ടുവരുന്ന ചൂടുള്ള ഉപ്പുമാവ് വട്ടയില വാങ്ങുമ്പോഴുള്ള മണം മൂക്കിൻ തുമ്പിലുണ്ട്, അതുപോലെതന്നെ സാവിത്രിയമ്മ സാറിന്റെ യും തോമാ സാറിന്റെയും വടിയുടെ ചൂടിനെ ഇലകൾ കൂട്ടുകെട്ടുക/കുരുമുളക് വായിലിട്ട് കടിക്കുക എന്നീ കുതന്ത്രങ്ങൾക്കൊന്നും തടയ്ക്കാൻ പറ്റാതെ തുടയിലേക്ക് വാങ്ങേണ്ടി വന്നെങ്കിലും, ഇന്നവയെല്ലാം ഉള്ളിന്റെ ഉള്ളിൽ മധുരസ്മരണകളായിനിറയുന്നു... മൊബൈൽ ഫോണിന്റെ ഉപയോഗം കൂടി നിങ്ങൾക്ക് അനുവദിക്കപ്പെട്ടപ്പോൾ പബ്ജി പോലുള്ള കളി കളുടെ മച്ചിൻ പുറങ്ങൾ തേടി പോകുന്ന കുട്ടികളെപ്പോലെ ജീവിത പന്ഥാവിൽ കാലിടറാതെ സൂക്ഷിക്കണമെന്നൊര ഭ്യർത്ഥനയുണ്ട് കിളിത്തട്ട്, വട്ടുകളി, കുട്ടിയും കോലും, ഏറു കളി,അക്കു കളി, തുടങ്ങിയ കളികൾ ആയിരുന്നു ഞങ്ങളുടെ പബ്ജിം ഫ്രീ ഫയറും എന്ന് നിങ്ങളുടെ മാതാപിതാക്കളോട് ചോദിച്ചവർക്ക് മനസ്സിലാവും.സ്നേഹവും കരുതലും ഉള്ള ഒരുപറ്റം അധ്യാപകരും അനധ്യാപകരും അതിന് അമരക്കാരിയായിരിക്കുന്ന ലെറ്റി ടീച്ചറും വഴിനടത്തുന്ന സ്കൂളിലെ കുട്ടികളെ നിങ്ങൾ വളരെ ഭാഗ്യമുള്ളവരാണ്.... സ്വഭാവരൂപീകരണവും, വിജ്ഞാനവും, വേണ്ടുവോളം ലഭിക്കുന്ന ഈ സ്കൂളിൽ പഠിക്കുന്ന കുഞ്ഞുങ്ങളെ നിങ്ങൾക്കെല്ലാവർക്കും സർവ്വൈശ്വര്യവും സംഭവിക്കാൻ ജഗദീശ്വരനോട് പ്രാർത്ഥിക്കുന്നു. ശ്രീമതി രാജേശ്വരി ടീച്ചറിന്റെ ഓർമ്മക്ക് മുന്നിൽ ശിരസ്സ് നമിച്ചുകൊണ്ട്..

നിർത്തട്ടെ.......

സ്നേഹപൂർവ്വം

നിങ്ങളുടെ സ്വന്തം പോസ്റ്റുമാൻ, അരുൺ

# IT QUIZ

* Libre office impress-ൽ Silde-കൾ Fullscreen പ്രദർശിപ്പിക്കുന്നതിനുള്ള ശരിയായ Steps ഏതാണ്?
ans; - Slideshow -start from first slide

*Computer mouse കണ്ടുപിടിച്ച ശാസ്ത്രജ്ഞൻആര്?
ans; - Douglas engalbert

* കമ്പ്യൂട്ടറിലേക്ക് Text input ചെയ്യാൻ ഉപയോഗിക്കുന്ന ഉപകരണം ഏത്?
ans;-Keyboard ,mouse

* Pay TM എന്നത് എന്തിനെ സൂചിപ്പിക്കുന്നു.
ans;-E-Commerce Company



Collected By:RENIL BENNY

## കേരളത്തിലെ 14 ജില്ലകളും അവ നിലവിൽ വന്ന വർഷവും

- 1: തിരുവനന്തപുരം -1956
- 2: കൊല്ലം -1956
- 3: പത്തനംതിട്ട -1980
- 4: ആലപ്പുഴ -1957
- 5: ഇടുക്കി -1972
- 6: കോട്ടയം -1956
- 7: എറണാകുളം -1958
- 8: തൃശ്ശൂർ -1956
- 9: പാലക്കാട് - 1957
- 10: മലപ്പുറം -1969
- 11: കോഴിക്കോട് -1957
- 12: വയനാട് -1980
- 13: കണ്ണൂർ -1957
- 14: കാസർഗോഡ് -1984



CollectedBy:Adharsh Sreeji

# A piece of Heaven

God gave us a piece of Heaven
With plenty of resources
called Nature

She gave us place to stay
She gave us Air to Breathe
She gave us Food to Consume

And What we gave her in return?
Human is connected to Nature
From the bottom of the Heart.

Cruel humans didn't understand it
We exploited her resource,
attacked her through various activities.

What are we doing to Future
Generation?
What we are doing with natural
Resources?
And if so surely, we will be Perished.



Collected **By, AMRUTA KP**

# ജിവചരിത്രക്കുറിപ്പ്

**കുഞ്ഞുണ്ണി മാഷ്**

**1927 മേയ് 10ന് ഞായപ്പള്ളി ഇല്ലത്തെ നീലകണ്ഠൻ മൂസതിന്റെയും അതിയാരത്തു നാരായണി അമ്മയുടെയും മകനായി വലപ്പാട്ട് ജനിച്ചു. ബാലസാഹിത്യ മേഖലയിൽ ഇദ്ദേഹത്തിന്റെ കൃതികൾ വ്യാപകമായി അംഗീകാരം നേടിയിട്ടുണ്ട്. ഇദ്ദേഹം പത്താം ക്ലാസ്സ് കഴിഞ്ഞ സമയത്ത് യുഗപ്രപഞ്ചം എന്ന തുള്ളൽ കൃതി എഴുതിയതോടെ കവിയായി അറിയപ്പെടാൻ തുടങ്ങി. കമൽ സംവിധാനം ചെയ്ത് ഭൂമിഗീതം എന്ന ചലച്ചിത്രത്തിൽ അഭിനയിച്ചിട്ടുണ്ട്. ഒരു ചിത്രകാരൻ കൂടിയായിരുന്നു അദ്ദേഹം. 2006 മാർച്ച് 26കുഞ്ഞുണ്ണി മാഷ് പേനയേയും കടലാസിനേയും ബാക്കി വച്ച് അദ്ദേഹം നമ്മളെവിട്ട് വേറൊരു ലോകത്തേക്ക് പോയി.**

**കേരളസാഹിത്യ അക്കാദമി [1974,1984]സംസ്ഥാനം ബാലസാഹിത്യ അവാർഡ്[1982]വാഴകുന്നം അവാർഡ്[2002]. വി.എ. കേശവൻ നായർ അവാർഡ്[2003]എന്നീ അവാർഡുകൾ ലഭിച്ച്തിട്ടുണ്ട്. ആജീവനാന്ത സംഭാവനകളെ മുൻ നിർത്തി കേരള സാഹിത്യ അക്കാദമി[1988]ലും സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്[2002] ലഭിച്ചു.**

**പ്രധാന കൃതികൾ**

| | |
|---|---|
| ചക്കരപ്പാവ | അക്ഷരത്തെറ്റ് |
| കുഞ്ഞുണ്ണി രാമായണം | കുട്ടി പാടുന്നു |
| കലികാലം | കുട്ടിപ്പെൻസിൽ |
| കദളിപ്പഴം | മുത്തുമണി |



**'വലിയൊരു ലോകം
നന്നാകാൻ
ചെറിയൊരു സൂത്രം
ചെവിയിലോതാം ഞാൻ
സ്വയം നന്നാവുക'**

**`കുഞ്ഞുണ്ണി മാഷ്´**

**Collected by;Abhishek P Suresh**

# വെളിപാടിന്റെ ഏഴാംനാൾ

സമയം രാത്രി 12 മണി മഞ്ഞുമൂടിയ രാത്രി അതി വിജനമായ ഒരു റോഡ് ഇരുവശത്തും അതിനിഗൂഢമായ വനപ്രദേശം റോഡിന്റെ ഏകാന്തതയിലേക്ക് അങ്ങേയറ്റത്ത് നിന്നും ഒരു വെളിച്ചം കടന്നു വരുന്ന സമയം കൂടും തോറും ആ വെളിച്ചം റോഡിൻറെ മധ്യഭാഗത്തിലേക്ക് എത്തുന്ന ആ വെളിച്ചം ശബ്ദമുണ്ടാക്കി റോഡിലൂടെ അതിവേഗം ചീറിപായുന്ന അപ്പോഴാണ് മനസ്സിലായത് അതൊരു ബൈക്ക് ആണ് എന്ന്.അതിൽ ഏകദേശം 45 വയസ്സ് പ്രായമുള്ള ഒരു വ്യക്തി സഞ്ചരിക്കുന്നു.പെട്ടന്ന് എതിർ ദിശയിൽ നിന്ന് അതിവേഗത്തിൽ ഒരു കാർ ചീറിപാഞ്ഞ് വരുന്നു. ആ കാർ ഡ്രൈവ് ചെയ്തിരുന്ന ആൾ ഫോൺ വിളിച്ച് കൊണ്ടാണ് കാർ ഡ്രൈവ് ചെയ്തത്. അയാൾ എതിരെവന്ന ബൈക്കുകാരനെ ഇടിച്ചു തെറിപ്പിച്ചു.ബൈക്കിൽ സഞ്ചരിച്ചിരുന്ന ആൾ തലയിടിച്ച് നിലത്ത് വീണു പിടഞ്ഞു.പക്ഷേ കാറുകാരൻവണ്ടി നിർത്തുകയോ അയാളെ രക്ഷിക്കാൻ ശ്രമിച്ചില്ല. അയാൾ അവിടെ കിടന്നു രക്തംവാർന്ന് മരണത്തിന് കീഴടങ്ങി. ഒരാഴ്ചയ്ക്കുശേഷം അതിവിശാലമായ ഒരു പട്ടണം. ഈ പട്ടണത്തിൽ ആണ് നമ്മുടെ ആദ്യ കഥാപാത്രമായുള്ള വിനയ്. വിനയ് ഒരു ഫിലിം എഡിറ്ററാണ്. വിനയ് അവൻറെ പുതിയ സിനിമയുടെ എഡിറ്റിംഗ് കഴിഞ്ഞ വളരെ താമസിച്ചാണ് അവിടെ നിന്നും ഇറങ്ങിയത്. അ പ്പോൾ സമയം രാത്രി 11:00മണി. വിനയ് അവന്റെ വീട്ടിലേക്കാണ് വീട് വളരെ ദൂരത്താണ്. പക്ഷേ അവിടെ ഒരു ഷോട്ട് കട്ട് ഉണ്ടായിരുന്നു എന്നാൽ ആ റോഡിലൂടെ രാത്രികാലങ്ങളിൽ ആരും തന്നെ പോകാറില്ല. ആളുടെ സംസാരം ഇങ്ങനെയാണ് ആ റോഡിൽ ഒരുപാട് അപകടങ്ങൾ സംഭവിച്ചിട്ടുണ്ട് അപകടത്തിൽ മരിച്ച ആളുകളുടെ ആത്മാക്കൾ ഗതികിട്ടാതെ അലയുന്നുണ്ട്.പക്ഷേ വിനയ് അതൊന്നും വകവച്ചില്ല അവന് റോഡിലൂടെ യാത്ര തുടങ്ങി. വളരെ ഭയാനകമായ അന്തരീക്ഷമായിരുന്നു റോഡിനിരുവശത്തും അതിനിഗൂഢമായ വനപ്രദേശം.വിനയ് മുന്നോട്ട് പോകുന്ന വഴിയിൽ ഒരു ചെറിയ വെളിച്ചത്തിന്റെ മറവിൽ ഒരു വ്യക്തിയെ കണ്ടു ഒരു അപരിചിതൻ അയാൾ വിനയ്യുടെ കാറിന്കൈ കാണിച്ചു വിനയ് വണ്ടി നിർത്തി എങ്ങോട്ടാണെന്ന് ചോദിച്ചു.പള്ളി സെമിത്തേരി വരെ അതിന്റെ അടുത്താണ് എൻറെ വീട് എന്ന് അയാൾ പറഞ്ഞു.

വിനയ് സമ്മതിച്ചു. വിനയ് അയാളുമായി യാത്ര തുടങ്ങി. വിനയ് ആളൊരു വായാടി ആയിരുന്നു. അയാളെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും അറിയാൻ ശ്രമിച്ചു. പക്ഷേ അയാളാകട്ടെ ഒരു ശാന്ത സ്വഭാവക്കാരൻ. വിനയ് അയാളുടെ പേര് ചോദിച്ചു എന്ന് പറഞ്ഞു.ആയാൽ മനു എന്ന് പറഞ്ഞു. മനുവിന്റെ മുഖത്ത് എന്തോ നേടിയ പോലെ ഒരു ചിരി പ്രത്യക്ഷപെട്ടു.വിനയ് അത് ശ്രദ്ധിച്ചു. കുറച്ചുനേരം കഴിഞ്ഞപ്പോൾ അയാളുടെ മട്ടുമാറി.അയാൾ പിൻസീറ്റിൽ ഇരുന്നു വണ്ടി വേഗത്തിൽ വിടാൻ ആവശ്യപ്പെട്ടു.വല്ലാത്തൊരു മാനസിക വിഭ്രാന്തിയിലാരുന്നു ആയാൾ.വിനയ്ക്ക് അത് കണ്ടതും ഒരു ചെറിയ പേടി അനുഭവപ്പെട്ടു. വിനയ് റോഡിലൂടെ വണ്ടി ഓടിച്ചിരുന്നപ്പോൾറോഡ് വളരെ നിശ്ശബ്ദമായി അയാൾക്ക് തോന്നി.സമയം രാത്രി 12 മണി. റോഡിൽ എങ്ങും ജനവാസം ഉള്ളതായി തോന്നുന്നില്ല. ഒരു സൈൻബോർഡ് പോലും കാണാനില്ല. ആകെ മൊത്തത്തിൽ ഒരു സ്മശാനമൂകത പെട്ടന്ന് വിനയ് പിൻസീറ്റിൽ നിന്ന് ഒരു മുരൾച്ച കേട്ടു അതി പൈശാചികമായ മുരൾച്ചവിനയ് പുറകിലേക്ക് നോക്കാൻ ഭയമായിരുന്നു എന്നിട്ടും അയാൾ അതിന് ശ്രമിച്ചു പക്ഷെ അയാളുടെ മനസ് അതിനനുവദിച്ചില്ല. അവസാനം മുൻസീറ്റിൽ മധ്യഭാഗത്തുള്ള കണ്ണാടിയിലൂടെ പുറകിലേക്ക് നോക്കി. വിനയ് ഞെട്ടി മുടി നീട്ടി വളർത്തി കണ്ണ് ചുവന്ന ദംഷ്ട്രകൾ രണ്ടും പുറത്തേക്ക് തള്ളി നഖവും നീട്ടി വളർത്തി മുഖം വികൃതമായ ഒരു രൂപം അതാണ് വിനയ് കണ്ടത്.ഇപ്പോൾ അതൊരു മനുഷ്യനെ അല്ല ഒരു രക്തരക്ഷസ്.ആ രക്തരക്ഷസ് വിനയുടെ കഴുത്തിൽ കടിക്കാൻ ലക്ഷ്യമിട്ട് അടുത്തേക്ക് വന്നു. വിനയ് അലറിക്കൊണ്ട് വണ്ടി പാളിച്ച് നിർത്തി. ആ കാറിൽ നിന്ന് വിനയ് യുടെ കരച്ചിലും. ആ രക്തരക്ഷസ്സ്ന്റെ പൈശാചികമായ മുരൾച്ചയും ഉയർന്നു.അത് അവിടെയൊക്കെ പ്രതിധ്വനിച്ചു...

... തുടരും



'ശരിക്കും ആ രക്തരക്ഷസ് ആരാണ്'?
'അത് എന്തിനാണ് വിനയ് യെ ആക്രമിച്ചത്'?
'എന്താണ് അതിൻറെ ഉദ്ദേശം'?

സമർപ്പണം,
ദേവാനന്ദ് ടി എ{പൂർവവിദ്യാർത്ഥി}
X.A

# INDIAN CONSTITUTION QUIZ

1. Who is the Father of Indian Constitution?
**DR Br . Ambedkar**
**2. which language was the Indian constitution write in?**
ans: **English**
**3. who is the chairman of Indian Constitution?**
ans: **DR BR Ambedkar**
4. When did the constitution of India Become Effective?
ans: **26 January 1950**
5. when does India Celebrate its Constitution?
ans: **26 January**
6. How Many Branches Are in the Indian Constitution?
ans: **3**
**7. Who was the first Speaker in loksabha?**
**ans: G. Mavlankar**
8. From Which Country was the concept of Single citizenship influenced?
ans: **United Kingdom**
**9. When was the Indian Flag Adopted?**
**ans: 22 JULY 1947**



Collected **by:Rehana Ashiq**

# NOTHING GOLD CAN STAY

**ROBERT FROST**

Nature's first green is gold,

Her hardest hue to hold .

Her early leaf's a flower

But only so an hour .

Then leaf subsides to leaf

So eden sank to grief ,

So dawn goes down to day

Nothing gold can stay





**COLLECTED BY: Midhun Sajeev**

# VALUES OF LIFE

--------------------------------

Use your smile to change the world,
don't let the world change your SMILE .

One of the greatest title in the world is parent,
one of biggest blessing in world is MOTHER.

Enjoy the life today, yesterday
is gone and tomorrow may never come.

Difficult road of ten lead to
beautiful destination.



Collected By;Thaha siraj

# TONGUE TWISTERS

---------------------------------------------------------------

**Betty bought some butter but the butter was bitter, so betty bought some better butter to make the bitter butter better.**

**She sells sea shells in the sea shore.**

**Peter piper picked peck of pickled pepper**

**Six sick hicks**
**nic six slick**
**bricks with picks**
**and sticks**

**Grim granny gummy**
**grinned when her**
**greedy grankids grilled**
**greasy grizzly green**
**grilled cheese.**



**Collected By;Janaki Ajikumar**

# എന്റെ ലിറ്റിൽകൈറ്റ്സ്

## ഒരു അനുഭവക്കുറിപ്പ്

എട്ടാം ക്ലാസ്സിൽ ലിറ്റിൽ കൈറ്റ്സിൻ്റെ ആദ്യ ക്ലാസ്സിൽ നിന്ന് പുതിയൊരു അനുഭവമാണ് ഞങ്ങൾ നേടിയത്. ലിറ്റിൽ കൈറ്റ്സ് വെറും ഒരു ഗ്രേസ് മാർക്കിന് വേണ്ടി ഉള്ളതെന്ന ചിന്ത പിന്നീട് ഉണ്ടായില്ല. കാരണം, ഇതിന്റെ പുറകിൽ ഞാൻ വലിയ ഒരു ലോകം ആണ് കണ്ടത്.ഒരോ ആഴ്ചയിലെ ഒരോ ക്ലാസുകളിൽ ഒരോ പുതിയ പുതിയ അറിവുകൾ ഞങ്ങൾക്ക് കൈമാറാൻ കൈറ്റ് മിസ്ട്രിസ്സ്മാരായ ഇന്ദു ടീച്ചറുടെയും ജെമിത ടീച്ചറുടെയും പങ്കാളിതം എടുത്തു പറയണ്ട ഒന്നാണ്. ഇതിൽ നിന്ന് ഞാൻ കുറെ അറിവുകൾ പഠിച്ചു. അത് എനിക്ക് വളരെ ഉപകാരപ്രദമായി തീർന്നു. Artificial intelligence, programming, Animation, Robotics തുടങ്ങിയ കാര്യങ്ങൾ പഠിച്ചു . ലിറ്റിൽ കൈറ്റ്സ് ക്ലാസുകളിൽ മിക്കച്ച പ്രകടനം കാഴ്ച വച്ച ഏഴു കുട്ടികളെ ആനിമേഷൻ, പ്രോഗ്രാമിംഗ് എന്ന തലത്തിൽ സബ് ജില്ല ക്യാമ്പിലേക്ക് തിരഞ്ഞെടുത്തു. ഞങ്ങളുടെ ബാച്ചിലേ ആദ്യത്തെ ക്യാമ്പിൽ നിന്ന് ഒത്തിരി അറിവുകൾ ഞങ്ങൾ ശേഖരിച്ചു. ക്യാമ്പിന് പോയ കുട്ടികൾ മറ്റ്കുട്ടികൾക്ക് അവർക്ക് കിട്ടിയ അറിവ് കൈമാറി. സബ് ജില്ല ക്യാമ്പിൽ മിക്കച്ച പ്രകടനം കാഴ്ച വെച്ച അനുഷ അനീഷ് സ്കൂളിൽ നിന്ന് ആദ്യമായി ജില്ല തലത്തിലേക്ക് തിരഞ്ഞെടുത്തു.ഞങ്ങളുടെ I.T മേഖലയിലെ ഈ വളർച്ചക്ക് കാരണമായ ഇന്ദു ടീച്ചറിനും ജെമിത ടീച്ചറിനും ഞങ്ങളുടെ സ്നേഹം നിറഞ്ഞ നന്ദി അറിയിക്കുന്നു.



അൽഫോൻസി. ടി.എസ്

# THE KITES

Kites can fly,
Around the sky
When the wind blows
The kites start flying
The beautiful kites are
Floating in the sky.

The kites can fly,
Like a bird.....
When the wind stops
The kites come down
The kites can fly
Around the sky.





Collected BY: AJIN T.T

# THE TIGER AND THE FOUR COW'S

- Arunima M

In a Forest. There are four cow's living in that Forest. They are old friend's. There friendship has no cheating,unequlity etc.There friendship has only Love, care,afftion, etc. The cow's has an enemy. That is a Tiger. His name is 'Shetu'. He Want to eat that four cow's. So,he put some plan every day to Trap that four cow's. But the four cow's escape from his trap.

One day he standing on a big rock and look Down. He so the four cow's are Fighting to each other. Sometime later,the first cow go to the north and second cow go to the south and the third cow go to the west and the fourth cow go to the east.

The tiger was happy.He go to the-north and kill the first cow and eat it.And he go to the south and kill the second cow and eat it.And ho go to the west and kill the third cow and eat it;and he go to the east and kill the fourth cow and eat it. At last he eat the four cow's .He was very Happy..





Collected by:Muhammed Raes

## HAIKU POEM

# RAINBOW

----------------------------

**Curving up then down**
**Meeting blue sky and green earth**
**Melding sun and rain**

**The haiku is a japanese poetic form that consist of three lines, with five syllables in the first line, seven in the second, and five in third.**



**By: Anas Emmanual Sabu**

# SHE!!

She describes herself as a Rain.
Her mind always cloudy dark,
Just like the sky when it rains
In her mind anxiety,
Stress and all her problems creates a dark,
Cloudy atmosphere.

She always think that her life is like this,
That she can't overcome these situations

But when the rain stops,
The drought comes and the problems come
one by one into her life
The problems create more pain,

Slowly becoming a reason of her faded smile.
Like the little gas burned by the heavy sunlight..
She always thinks about the torrential rain and
Killing drought but never thinks of the beautiful spring.
One day,her life will be a blossoming garden
filled with colourful flowers

The hard situations in our life are not permanent;
They will also leave us one day.
for that day to arrive...
Believe the words of our wise man,
Birbal **"THIS TIME SHALL PASS TOO"**



By:Goureelakshmi.P

# Embroidery Work





By: Bhoomika Narendran

# Digital Painting






By : Adwaith Arun





**By: Thaha Siraj**

# JUST SMILE...

Smile Breaks all evils
And it comes from our heart
Smile enhances our heart
Which brings miracles in our life!

Good hearts bring smiles
And it develops many friendships
The doubt of a person
Will burst with a smile
Smile can't cost nothing
It shares a sense of connectedness
Smile improves the quality of life
Smile reduces loneliness
Not everyone can be connected
But we all learn to be more joyful!...



Collected by,
Anakha Pratheesh





**By: Ajin T.T**

# Great Thoughts

“ walking with a friend in the dark is better than walking alone in the light “

-Helen Keller

“The weak can never forgive- forgiveness the attribute of the strong “

- Mahatma Gandhi

“ Confidence and Hard-work is the best medicine to kill the disease called failure -it will make you a succesfull person”

- APJ.Abdul Kalam

“ When one door closes another opens but we often took so long and so regretfully open the closed door that we do not see the one which has opened for us”

- Alexander Graham Bell



Collected by : Devanandh Binoy





By: Renil Benny

# കരിവണ്ട്

കഥ ആരംഭിക്കുന്നത് ഒരു ഗ്രാമത്തിലാണ്.അവിടെ ഒരു നദിക്കരയിലുള്ള ഓടിട്ടകൊച്ചുവീട്.ഒരു മുറിയിൽ ഒതുങ്ങി കൂടേണ്ടിവന്ന ഒരു പെൺക്കുട്ടി.മെലിഞ്ഞുണങ്ങിയ ശരീരം.അവൾ ക്ഷീണിതയാണ്. സമൂഹത്തിന്റെ കരിനിഴലിൽ കുഴഞ്ഞുവീണ കരിവണ്ട്.

ഒരുപാട് ആഗ്രഹങ്ങളുമായി എല്ലാ പെൺകുട്ടികളെയും പോലെ അവൾ വളർന്നു.ഒരുപാട് പഠിക്കണമെന്നായിരുന്നു അവളുടെ ആഗ്രഹം.പഠിക്കാനും മിടുക്കി.അവൾ യൂണിവേഴ്സിറ്റി ഫസ്റ്റായിരുന്നു.പിന്നീട് അസൂയ കേറിയ സമൂഹം അവളെ കല്യാണത്തിനായി നിർബന്ധിച്ചു.നാട്ടുകാരുടെ ഇഷ്ടങ്ങൾക്ക് എതിർ നിൽക്കാത്ത അവളുടെ മാതാപിതാക്കൾ അവളെ ഏതോ ഒരാളെ കൊണ്ട് കല്യാണം കഴിപ്പിച്ചു.18 വയസ്സാവാൻ നോക്കിയിരുന്ന പോലെ.
കല്യാണം കഴിച്ച ആൾ അവൾക്ക് ഒരു വാക്ക് കൊടുത്തിരുന്നു അവളെ ജീവനതുല്യം സ്നേഹിക്കുമെന്നും അവളെ പഠിപ്പിക്കുമെന്നും.ആ വാക്കയാൾ മാറ്റിയില്ല അവളെ പഠിക്കാനയച്ചു.എന്നാൽ രക്തം കുടിച്ച മതിവരാത്ത യക്ഷികളെ പോലെ സമൂഹം അവളെ അടച്ചാക്ഷേപിച്ചു.പിന്നീട് അവളുടെ ഭർത്താവിന്റെ വീട്ടുകാർ പഠിത്തം മുടക്കി.പെട്ടെന്നൊരിക്കൽ അവളുടെ ഭർത്താവ് ഒരപകടത്തിൽ മരിച്ചു.അവൾ കരഞ്ഞുതളർന്നു അവളുടെ കഴിവ് മനസ്സിലാക്കി പ്രതീക്ഷയുടെ തിരിനാളമായി അവശേഷിച്ചത് അവൻ മാത്രമാണ്.എന്നാൽ ആ തിരിനാളം അണഞ്ഞിട്ടില്ല.അവൾ മുറിയിൽ നിന്നിറങ്ങി അടച്ചമർത്തിയ സമൂഹത്തോട് പ്രവർത്തിയാൽ മറുപടി പറ ഞ്ഞു ആരുമറിയാതെ അവൾ പഠിച്ചു.അവൻ നൽകിയ കരുത്തും വെളിച്ചവും അവളുടെ ഒപ്പം ഒരു ബിംബമായി പ്രതിഫലിച്ചു നിന്നു.സമൂഹത്തിനു മുൻപിൽ അടിയറവ് വെക്കുന്ന ആഗ്രഹങ്ങൾ എടുത്തുയർത്തി കാട്ടുമ്പോഴാണ് ജീവിതം സഫലമാണ്.ആഗ്രഹങ്ങളുടെ ലോകത്ത് തടസ്സങ്ങൾ ഇല്ല തടസ്സങ്ങൾ തട്ടിനീക്കാനുള്ളതാണ്

-പ്രതീക്ഷതൻ നറുവെളിച്ചം
by: ഫർസാന ഷാജഹാൻ







**BY: Aadarsh Sreegi**

# കാലോത്സവം ഓവറോൾ കിരീടം......




KANJIRAPPALLY SUB DISTRICT
UP AND HS SECTION OVERALL

# IT STARS



Gracey Memorial High School
Parathodu
Kerala School
Sasthrolsavam 2023-24
Kanjirappally Sub District
IT MELA
Animation
1st A Grade
Adwaith Arun




GRACEY MEMORIAL HIGH SCHOOL
PARATHODU
ANUSHA ANEESH
SELECTED FOR LITTLE KITES REVENUE
DISTRICT CAMP
( ANIMATION)

# ACTIVITIES






20

LITTLE KITES

GRACEY MEMORIAL HIGH SCHOOL PARATHODE

## Expert class on Photography

20.01.24, ശനി : പാറത്തോട് ഗ്രേസി മെമ്മോറിയൽ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വൈൽഡ് ലൈഫ് ഫോട്ടോഗ്രാഫറും നേച്ചർ കൺസർവേറ്ററുമായ ശ്രീ ബിനോ പി എസ് ഫോട്ടോഗ്രാഫി എക്സ്പർട്ട് ക്ലാസ് നയിക്കുകയുണ്ടായി. ലിറ്റിൽ കൈറ്റ്സ് പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ ഈ മീഡിയ ഡോക്യുമെന്റേഷൻ വർക്ക്ഷോപ്പിൽ ഹെഡ്മിസ്ട്രസ് ശ്രീമതി ദീപാ പി ജി സ്വാഗതം ആശംസിച്ചു. കൈറ്റ് മിസ്ട്രസ്മാരായ ശ്രീമതി ജമിത കെ കരുൺ, ശ്രീമതി ഇന്ദു പി എസ് എന്നിവർ ഏകദിന ക്യാമ്പിന് നേതൃത്വം വഹിച്ചു. ഫോട്ടോഗ്രാഫിയുടെ തിയറി മനസിലാക്കിയ കുട്ടികൾ സ്വയം പകർത്തിയ ചിത്രങ്ങളിലൂടെ ആ കല ആസ്വദിച്ചു പഠിക്കുന്നത് ക്യാമ്പിൽ കാണാൻ കഴിഞ്ഞു. കുട്ടികൾ ഇതിലൂടെ DSLR camera യെ പറ്റിയും Mirror less camera യെ പറ്റിയും വളരെ നന്നായി മനസിലാക്കി. കുട്ടികൾക്ക് ഈ ക്ലാസ്സ് വളരെ ഉപകാരപ്രദം ആയിരുന്നു.



# Little Kites Batches

## LK BATCH - 10



Boys From the Left: Abhishek.P.Suresh
Akash K Santhosh,Renil Benny,
Taha Siraj,Adarsh Sreegi,Ajin.T.T,
Anandh Shaji,Albin Reji,
Sabeel Ahammed.M.S,Adwaith Arun

Girls From the Left: Benitta Pavil
Amrutha.K.P, Rose Tom,
Madhubala,V, Rahana Ashik,
Adithya Sunil,Krishnendu.A.S,
Amrutha Satheesh

# LK BATCH - 9



Boys From the Left : Akhil Satheesh,Midhun Binu
Abin Sunny,Avaneesh.P.A,Anas Emmanuel Sabu,
Devanandh Binoy,Ansil Nisar,
Jeswin Saji,Mohammed Adil.P.P,
Midhun.C.S

Girls From the Left : Nivedhya Pramod,
Pooja Madhu,Naishana Kabeer,
Lakshmi Priya.K.S, Anusha Aneesh,
Archana Abhilash,Afsana Fathima Ameerkhan,
Anakha Pratheesh,Alphonsy.T.S,Janaki Ajikumar

# LK BATCH - 8



Boys from left:Ameen Shafeek,Shabin Jaleel,Ashiq Anish, Safvan Muhammad,,Abhinav Suresh,Hemanth Ajay, Adhithyan R,Athul E.P,Alvin Johny,Afsal Shyju,

ROW2:Augustin Suresh Joseph,Adhilmon Muhammad,Ansil Shiyad,Abhinav.P.Dinesh,Akhil.A.S, Abhishek.P.S,Shammas Noushad,

Girls from middle:Jenifer Sony,Najiya Fathima,Aryamol.K.S,
Fasila Shajahan

*Crew Behind Magazine*

**Editor**



**Muhammed Adil.P.P**

**Sub Editor**



**Archana Abhilash**







# നന്ദി

ഒരു പുത്തൻ അനുഭവമായിരിന്നു 'ദ്യുതി 2K24'. ഡിജിറ്റൽ മാഗസിൻ നിർമ്മാണം വഴി സ്ക്രൈബസ് എന്ന സോഫ്റ്റ്‌വെയർ മനസ്സിലാവാനും ഞങ്ങളുടെ പലവിധമായ കഴിവുകൾ മെച്ചപ്പെടുത്തുവാനും ഒരുപാട് അവസരങ്ങൾ ലഭിച്ചു. ഈ പ്രവർത്തനങ്ങൾ ഞങ്ങളെ പരിചയപ്പെടുത്തിയ ഞങ്ങളുടെ പ്രിയ കൈറ്റ് മിസ്ട്രസ്സുമാരായ ജമിത ടീച്ചറിനും ഇന്ദു ടീച്ചറിനും ഹെഡ്മിസ്ട്രസായ ദീപ ടീച്ചറിനും പ്രത്യേക നന്ദി അറിയിക്കുന്നു. മാഗസിൻ പ്രവർത്തനത്തിന് ഒരുമിച്ച് നിന്ന LK കൂട്ടായ്മകൾക്കും ഞങ്ങൾക്ക് സഹായമായി നിന്ന എല്ലാവർക്കും , അവസാനമായി ഈ മാഗസിൻ അന്വർത്ഥമാക്കിയ  വായനക്കാർക്കും നന്ദിയുടെ നറുമലരുകൾ...